LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർമാർ മുഖേന വികലാംഗരെ സർക്കാർ സർവ്വീസിൽ നിയമിക്കാൻ നടപടി

28 [3542] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടർമാർ മുഖേന വികലാംഗരെ സർക്കാർ സർവ്വീസിൽ നിയമനം നടത്തുന്നതു സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1998-നുശേഷം ഇപ്രകാരം നടന്ന നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം നടക്കുന്ന നിയമനങ്ങളിൽ വികലാംഗർക്ക് നീക്കിവച്ച മുഴുവൻ തസ്തികകളും ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാലയളവിൽ വികലാംഗർക്ക് നീക്കിവച്ച തസ്തികകളും നിയമനം സംബന്ധിച്ച് വകുപ്പുതിരിച്ച് വിശദാംശവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 14-7-1998-ലെ ജി.ഒ.(പി) 20/98/പി.ആന്റ് എ.ആർ.ഡി. ഉത്തരവുപ്രകാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറും പ്രധാനപ്പെട്ട വകുപ്പുകളുടെ ജില്ലാ മേധാവികളും മെമ്പർമാരായുള്ള ഒരു കമ്മിറ്റിയാണ് നിയമനങ്ങൾ നടത്തുന്നത്. എംപ്ലോയ്മെന്റ് ഡയറക്ടർ മുൻഗണനാക്രമത്തിൽ നൽകുന്ന ലിസ്റ്റിൽനിന്നും എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് പ്രസ്തുത കമ്മിറ്റി വികലാംഗരെ നിയമിക്കുന്നത്.

(ബി) വികലാംഗർക്കുള്ള കമ്മീഷണറേറ്റ് തലത്തിൽ വികലാംഗരുടെ നിയമനം സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ അവലോകനയോഗം നടത്തിവരുന്നുണ്ട്.

(സി) ബാക്ക്ലോഗ് ഒഴിവുകൾ മുഴുവൻ നികത്തുന്നതിനുള്ള കർശന നിർദ്ദേശം വികലാംഗ കമ്മീഷണറേറ്റിൽനിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) 1998 മുതലുള്ള നിയമനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

ചെറുകിട വ്യവസായയൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ

29 [3543] *ശ്രീ. കളത്തിൽ അബ്ദുള്ള:*
" *സി. ടി. അഹമ്മദ് അലി:*
" *കെ. എൻ. എ. ഖാദർ:*
" *ചെർക്കളം അബ്ദുള്ള:*
" *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം V.

അനുബന്ധം III (എ)

[12-8-2005—ലെ നക്ഷത്ര ചിഹ്നമിടാത്ത 26 (3540)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

Year	*Value Production (₹ in crores)*	*Profit (₹ in crores)*
1995–1996	26.20	33.03
1996–1997	25.24	18.04
1997–1998	35.47	40.85
1998–1999	36.54	35.17
1999–2000	43.02	42.51
2000–2001	43.27	27.01
2001–2002	46.47	9.22
2002–2003	40.60	23.09
2003–2004	42.46	11.78
2004–2005	42.18	0.45

അനുബന്ധം IV

[12-8-2005—ലെ നക്ഷത്ര ചിഹ്നമിടാത്ത 28(3542)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

12-7-2005 വരെ പബ്ലിക് സർവ്വീസിൽ വികലാംഗരെ നേരിട്ടുള്ള നിയമനം സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്ക്

സീരിയൽ നം.	*ജില്ല*	*1998 മുതൽ 2003 വരെയുള്ള ടാർജറ്റ്*	*നിയമനം നടത്തിയത്*
(1)	(2)	(3)	(4)
1	തിരുവനന്തപുരം	322	225
2	കൊല്ലം	181	64
3	പത്തനംതിട്ട	93	61
4	ആലപ്പുഴ	112	56

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
5	കോട്ടയം	138	89
6	ഇടുക്കി	113	57
7	എറണാകുളം	188	76
8	തൃശ്ശൂർ	206	156
9	പാലക്കാട്	198	56
10	മലപ്പുറം	297	223
11	വയനാട്	84	52
12	കോഴിക്കോട്	150	60
13	കണ്ണൂർ	206	77
14	കാസർഗോഡ്	114	64
	ആകെ	**2402**	**1306**

അനുബന്ധം V

[12-8-2005—ലെ നക്ഷത്ര ചിഹ്നമിടാത്ത 36 (3550)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ദേശീയ കുടുംബക്ഷേമ പദ്ധതി

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബത്തിൽ പ്രധാന വരുമാനം ആർജ്ജിക്കുന്ന വ്യക്തി മരണപ്പെട്ടാൽ സാധാരണ മരണത്തിന് 5000 രൂപയും അപകടമരണത്തിന് 10000 രൂപയും എന്ന നിരക്കിൽ ഒരു പ്രാവശ്യം (ഒറ്റത്തുകയായി) നൽകുന്നതാണ്.

യോഗ്യതകൾ

1. കുടുംബത്തിലെ ഏതു വ്യക്തിക്കും അവകാശി എന്ന നിലയിൽ പ്രസ്തുത കുടുംബത്തിന്റെ പ്രധാന വരുമാനം ആർജ്ജിച്ചിരുന്ന വ്യക്തി മരിച്ചാൽ, ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly